**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | ഭൂതത്താൻകെട്ട് ചെറുകിട ജലപദ്ധതിയുടെ (3x8 MW) സിവിൽ നിർമാണ പ്രവർത്തികൾ 99.7% പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവർത്തികൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾക്ക് ശേഷമേ തുടരുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ M/s.Sree Saravana Engineering Bhavani Private Ltd- M/s. Hunan Zhaoyang Generating Equipment Co. Ltd കൺസോർഷ്യത്തിന് 18.03.2015 ലെ എഗ്രിമെന്റ് പ്രകാരം നൽകുകയും, ടി പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86.61% പൂർത്തീകരിക്കുകയും ചെയ്തു. ചൈനയിൽ നിന്നും മൂന്നാമത്തെ കൺസൈൻമെന്റ് ഇറക്കുമതി ചെയ്യുന്നതിനായി കെ.എസ്ഇ.ബി.എൽ, M/s.Sree Saravana Engineering Bhavani Private Ltd.,M/s.Hunan Zhaoyang Generating Equipment Co. Ltd, China എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാർ 27.04.2022ൽ ഒപ്പിട്ടു. 22.06.2023 ൽ നടന്ന ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കരാറും അനുബന്ധ നടപടികളും സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറൽ, കേരള-യിൽ നിന്ന് തേടിയിരുന്നു. 09.07.2024 ന് നിയമോപദേശം ലഭ്യമായി. അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെ നിയമോപദേശ പ്രകാരം നിലവിലെ കരാറുകാരനുമായി മുന്നോട്ടു പോകാൻ എല്ലാ തരത്തിലുള്ള ശ്രമങ്ങളും കെ.എസ്ഇ.ബി.എൽ സ്വീകരിച്ചെങ്കിലും M/s.Sree Saravana Engineering Bhavani Private Ltd. ഉം M/s.Hunan Zhaoyang Generating Equipment Co. Ltd, China യും തമ്മിലുള്ള സാമ്പത്തിക തർക്കങ്ങൾ കാരണം ശ്രമങ്ങൾ ഫലം കണ്ടില്ല. ആയതുകൊണ്ട് 05.08.2025 ൽ കൂടിയ ഫുൾ ടൈം ഡയറക്ടർമാരുടെ യോഗത്തിൽ കരാറുകാരന്റെ (SSEBL) റിസ്ക് |

| | | | |
|---|---|---|---|
| | | | ആൻഡ് കോസ്റ്റിൽ നിലവിലെ കരാർ ടെർമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും 11.08.2025 ന് ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകുകയും ചെയ്തു. കരാർ റദ്ദാക്കുന്നതിനെതിരെ SSEBL ബഹു.ഹൈക്കോടതിയെ സമീപിച്ച് ഒരു റിട്ട് ഹർജി (WP 30421/2025) നൽകുകയും ആയതിൽ കെ.എസ്ഇ.ബി. എൽ-ന് അനുകൂലമായ ഉത്തരവ് ലഭിക്കുകയും ചെയ്തു. തുടർന്ന് SSEBL ബഹു.ഹൈക്കോടതിയിൽ അപ്പീൽ (WA No.2108/2025) നൽകിയിരിക്കുകയാണ്. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നത് അനന്തമായി നീട്ടികൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിർമാണം പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നത് അനന്തമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | തടസ്സങ്ങൾ നീക്കി ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ? | (സി) | അഡ്വക്കേറ്റ് ജനറൽ ഓഫ് കേരളയുടെ നിയമോപദേശ പ്രകാരം നിലവിലെ കരാറുകാരനുമായി മുന്നോട്ട് പോകാൻ എല്ലാ തരത്തിലുള്ള ശ്രമങ്ങളും കെ.എസ്ഇ.ബി.എൽ സ്വീകരിച്ചെങ്കിലും ചൈന കമ്പനിയും, SSEB യും തമ്മിലുള്ള സാമ്പത്തിക തർക്കങ്ങൾ കാരണം ശ്രമങ്ങൾ ഫലം കണ്ടില്ല.<br><br>ആയതുകൊണ്ട് 05.08.2025- ൽ കൂടിയ ഫുൾ ടൈം ഡയറക്ടർമാരുടെ യോഗത്തിൽ കരാറുകാരന്റെ (SSEB) റിസ്ക് ആൻഡ് കോസ്റ്റിൽ നിലവിലെ കരാർ ടെർമിനേറ്റ് ചെയ്യുവാൻ തീരുമാനിക്കുകയും 11.08.2025- ന് ടെർമിനേഷൻ ഉത്തരവ് കരാറുകാരന് നൽകുകയും ചെയ്തു. കരാർ റദ്ദാക്കുന്നതിനെതിരെ SSEBL ബഹു.ഹൈക്കോടതിയെ സമീപിച്ച് ഒരു റിട്ട് ഹർജി (WP 30421/2025) നൽകുകയും ആയതിൽ കെ.എസ്ഇ.ബി.എൽ-ന് അനുകൂലമായ ഉത്തരവ് ലഭിക്കുകയും ചെയ്തു. തുടർന്ന് SSEBL ബഹു.ഹൈക്കോടതിയിൽ അപ്പീൽ (WA No.2108/2025) നൽകിയിരിക്കുകയാണ്. കേസ് ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ബഹു.ഹൈക്കോടതിയിൽ നിന്നും ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ